Circular No.1/Gen/2022

# ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ

**ദേവലോകം, കോട്ടയം - 686 004**

**Ph: 0481 2572890, website: ossae.org, e-mail: dgossae@gmail.com**

## വിജ്ഞാപനം

**ബഹു. അച്ചൻ/ഡയറക്ടർ,**

**ബഹു. വൈദിക സഹോദരങ്ങൾക്കും സൺഡേസ്കൂൾ പ്രവർത്തകർക്കും പുതുവത്സരാശംസകൾ നേരുന്നു.**

ദൈവകൃപയാൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലും സൺഡേസ്കൂൾ ക്ലാസ്സുകൾ ഓൺലൈൻ ആയി നടത്തുവാൻ കൃപകൾ നൽകിയ ദൈവത്തെ സ്തുതിക്കുന്നു. എന്നാൽ ഓൺലൈൻ ക്ലാസ്സുകളുടെ പരിമിതികൾ തിരിച്ചറിഞ്ഞ ചില സൺഡേസ്കൂളുകൾ 2021 ന്റെ അവസാനം കുട്ടികളെ സൺഡേസ്കൂളുകളിൽ നേരിട്ടു വരുത്തി ക്ലാസ്സുകൾ എടുത്തതായി അറിയുവാൻ കഴിഞ്ഞു. സൺഡേസ്കൂൾ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയ പല രക്ഷകർത്താക്കളും കുട്ടികളെ സൺഡേസ്കൂളിൽ വിളിച്ചുവരുത്തി ക്ലാസ്സുകൾ എടുക്കണമെന്ന നിർദ്ദേശമാണു നൽകുന്നത്. 2022 ജനുവരി 8-ാം തീയതിയാണ് 2021 ലെ പരീക്ഷകൾ അവസാനിക്കുന്നത്. പുതുവർഷ ക്ലാസ്സുകൾ 2022 ജനുവരി 16 ന് ആരംഭിക്കുവാനാണ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിരിക്കുന്നത്. അന്നേദിവസം കഴിവതും എല്ലാ വിദ്യാർത്ഥികളെയും സൺഡേസ്കൂളിൽ വരുത്തി **പ്രവേശനോത്സവം** സംഘടിപ്പിക്കുകയും കുട്ടികളുടെയും രക്ഷകർത്താക്കളുടെയും മാനസിക സംഘർഷം ഒഴിവാക്കുവാൻ സഹായിക്കുന്ന രീതിയിൽ പ്രവർത്തനങ്ങൾ ക്രമീകരിക്കുകയും വേണം.

**ജീവകാരുണ്യദിനം:** ഈ വർഷം ജീവകാരുണ്യദിനമായി ആചരിക്കുന്നത് ജനുവരി 30 ഞായറാഴ്ചയാണ്. കോവിഡ് പശ്ചാത്തലത്തിൽ വന്നുകൂടിയിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി കാരണം സഹായത്തിനായി ആവശ്യപ്പെടുന്ന വിദ്യാർത്ഥികളുടെ എണ്ണം വളരെ വർദ്ധിച്ചിട്ടുണ്ട്. ഈ സാഹചര്യം മനസ്സിലാക്കി ജീവകാരുണ്യദിന ശേഖരം വർദ്ധിപ്പിക്കുവാൻ എല്ലാ ചുമതലക്കാരും ശ്രദ്ധിക്കണം.

**OVBS 2022:** 2022 ലെ OVBS ന്റെ ചിന്താവിഷയം 'യേശു സൗഖ്യമാക്കുന്നു' (വി. ലൂക്കോസ് 4:40) എന്നതാണ്. 2020 ലും 21 ലും OVBS ഫലപ്രദമായി നടത്തുവാൻ സാധിക്കാതിരുന്നതുകൊണ്ട് തയ്യാറാക്കിയ മെറ്റീരിയൽസ് പകുതിയിലധികം ഉപയോഗശൂന്യമായി അവശേഷിച്ചിരിക്കുകയാണ്. അതുകൊണ്ട് ഈ വർഷം ആവശ്യകത മനസ്സിലാക്കി മാത്രം മെറ്റീരിയൽസ് തയ്യാറാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഓരോ സൺഡേസ്കൂളിലും ഓരോ ക്ലാസ്സിലേക്കും ആവശ്യമായ OVBS മെറ്റീരിയൽസിന്റെ എണ്ണം ശേഖരിച്ച്, **രജിസ്ട്രേഷൻ ഫീസ് (Rs. 100 per student) സഹിതം ലഭ്യമാകുന്ന OVBS App ൽ ഹെഡ്മാസ്റ്റർ രജിസ്റ്റർ ചെയ്യണം. ജനുവരി 30 നു മുമ്പായി ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന എണ്ണപ്രകാരം മാത്രമേ മെറ്റീരിയൽസ് തയ്യാറാക്കുകയുള്ളു** എന്ന് അറിയിക്കട്ടെ.

എല്ലാ പ്രവർത്തനങ്ങളുടെയും വിജയം വിവിധ ഭാരവാഹികളുടെ ആത്മാർത്ഥമായ പ്രവർത്തനത്തെ ആശ്രയിച്ചാണിരിക്കുന്നത് എന്നു മനസ്സിലാക്കി സഹകരിക്കുമല്ലോ. എല്ലാ പ്രവർത്തനങ്ങളിലും ദൈവം നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ. കഴിഞ്ഞ വർഷത്തെ കേന്ദ്രഓഫീസിൽ അടയ്ക്കേണ്ട കാണിക്ക, കവർ കളക്ഷൻ, ജീവകാരുണ്യം, പരീക്ഷാ ഫീസ് എന്നിവ ഹെഡ്മാസ്റ്റർമാർ/ഇൻസ്പെക്ടർമാർ എത്രയും വേഗം കേന്ദ്ര ഓഫീസിൽ അടക്കേണ്ടതാണ്.

കർതൃശുശ്രൂഷയിൽ

01-01-2022

**വർഗീസ് വർഗീസ് അച്ചൻ**

ഡയറക്ടർ ജനറൽ